# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)


നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.8)1213/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/12/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ


പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.8)1213/2025 തീയ്യതി: 01/12/2025

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2025 | 25-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2025 | 25-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.അജിമോൻ പി.പി. , ഓഡിറ്റ് ഓഫീസർ
2.ശ്രീ.മധു വി.വി., ഓഡിറ്റ് ഓഫീസർ
3.ശ്രീ.അനീഷ് ടി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.ടോണി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജാൻസി മാത്യൂ | പ്രസിഡന്റ് | 01-04-2024 | 31-12-2024 |
| ശ്രീ.ബിജു തോട്ടുപുറം | പ്രസിഡന്റ് | 01-01-2025 | 19-01-2025 |
| ശ്രീമതി.ലസിത എസ്. | പ്രസിഡന്റ് | 20-01-2025 | 31-03-2025 |
| ശ്രീ.ബിജുകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ.നവാസ് എസ്. | സെക്രട്ടറി | 29-04-2024 | 07-07-2024 |
| ശ്രീ.ബിജുകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2024 | 20-07-2024 |
| ശ്രീ.നവാസ് എസ്. | സെക്രട്ടറി | 21-07-2024 | 02-09-2024 |
| ശ്രീ.അരുൺ സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2024 | 11-09-2024 |
| ശ്രീമതി.അമിത സി.ഒ. | സെക്രട്ടറി | 12-09-2024 | 22-09-2024 |
| ശ്രീ.അരുൺ സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2024 | 29-09-2024 |
| ശ്രീമതി.അമിത സി.ഒ. | സെക്രട്ടറി | 30-09-2024 | 30-09-2024 |
| ശ്രീ.മനോജ് വി.ആർ. | സെക്രട്ടറി | 01-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജുകുമാർ ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 23-12-2024 |
| ശ്രീമതി.ലേഖ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 24-12-2024 | 31-03-2025 |
| ശ്രീമതി.ജിജി കെ.റ്റി. | ഹെഡ് മിസ്ട്രസ് ,ജി.യു.പി.സ്കൂൾ | 01-04-2024 | 31-03-2025 |
| ഡോ.ജയറാണി പി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.ചാക്കോ കെ.സി. | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീമതി.ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രേവതി വേണു | വി.ഇ.ഒ.മൂവാറ്റുപുഴ സൌത്ത് | 01-04-2024 | 31-03-2025 |
| ശ്രീ.അരുൺ എസ്. നായർ | വി.ഇ.ഒ.ആരക്കുഴ | 01-04-2024 | 31-03-2025 |
| ശ്രീമതി.ആൻസി മറിയം പോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.ആര്യ അൽഫോൺസ് | വെറ്റിനറി സർജൻ | 01-04-2024 | 04-03-2025 |
| ഡോ.ദിയ എസ്. | വെറ്റിനറി സർജൻ | 05-03-2025 | 31-03-2025 |
| ഡോ.വിഭ റോസ്മി | മെഡിക്കൽ ഓഫീസർ<br>-ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ.സന്തോഷ് സി.ഡി. | കൃഷിഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വിനോദ്കുമാർ പി.എം. | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | സി.എഫ്.സി. ഗ്രാന്റ് - ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽനികുതി പിരിവ് അപാകതകൾ | 1-10 |
| 16 | റവന്യൂ കുടിശ്ശിക- ₹11,77,767/- പിരിച്ചെടുത്തില്ല | 1-11 |
| 17 | ഇ-ടെണ്ടർ ഫീ | 1-12 |
| 18 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - 15.67 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-13 |
| 19 | മുൻവർഷങ്ങളിൽ നിക്ഷേപിച്ച 31.32 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-14 |
| 20 | മുൻകൂർ നൽകിയ തുക - ₹2,36,565 ക്രമീകരിച്ചിട്ടില്ല. | 1-15 |
| 21 | കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽകൂട്ടിയില്ല. | 1-16 |
| 22 | സാക്ഷരതാ പ്രേരക് ഓണറേറിയം - മുൻകൂർ നൽകിയത് തിരികെ ലഭിച്ചില്ല-₹9,600 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 23 | ബഡ്സ് സ്കൂൾ ഗ്രാന്റ് - 12.5 ലക്ഷം രൂപ വിനിയോഗിച്ചില്ല. | 1-18 |
| 24 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല – ₹12,75,663 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 25 | എം.സി.എഫ്.ലേക്ക് ബെയിലിങ്ങ് മെഷീൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല - ₹2,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 26 | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹1,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 27 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി-അപാകതകൾ | 1-22 |
| 28 | അങ്കണവാടികൾക്ക് ഉയർന്ന താരിഫ് പ്രകാരമുള്ള വൈദ്യുതിചാർജ് ഈടാക്കുന്നു | 1-23 |
| 29 | തുമ്പേൽ കുഴിങ്ങരമല റോഡ് നവീകരണം അപാകതകൾ | 1-24 |
| 30 | തൊഴിലുറപ്പ് പദ്ധതി ജിഎസ്റ്റി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല | 1-25 |
| 31 | എ.ഇ ഓഫീസ് നവീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു | 1-26 |
| 32 | ജൽജീവൻ പദ്ധതി - അവലോകനം. | 1-27 |
| 33 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-28 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി- ₹1,200/- വരവ് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.06.2025**ലെ **1 (1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **03.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആരക്കുഴ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് **2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആരക്കുഴ ഗ്രാമ** പഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം :** എറണാകുളം
**തീയതി : 01.12.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.</u>

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /Decrease In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹47,11,370.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹11,20,295.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## <u>1-1-3 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.</u>

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹1,03,56,000ൽ ₹3,46,986 ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രജിസ്റ്റർ രേഖകൾ ലഭ്യമല്ല.

## <u>1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ</u>

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

## <u>1-1-5 സി.എഫ്.സി. ഗ്രാന്റ് - ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല</u>

ഓഡിറ്റ് വർഷത്തിലെ സി.എഫ്.സി. ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുക, സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ ₹52,110 ന്റെ വ്യത്യാസം കാണുന്നു.

## <u>1-2 ബജറ്റ്</u>

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 02.02.2024 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 22.02.2025ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 28.02.2025 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്സ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹39,87,515 | ₹39,87,515 |
| വരവ് | ₹11,50,90,432 | ₹9,99,00,932 |
| ആകെ | ₹11,90,77,947 | ₹10,38,88,447 |
| ചെലവ് | ₹11,60,65,932 | ₹10,11,35,966 |
| നീക്കിയിരുപ്പ് | ₹30,12,015 | ₹27,52,481 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,71,31,427.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,67,27,772.00 |
| ആകെ | : | **₹5,38,59,199.00** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,20,16,402.00 |
| നീക്കിയിരുപ്പ് | : | ₹2,18,42,797.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ബാങ്ക് നീക്കിയിരുപ്പ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ACR:93,54,235<br>GO Pro: 17,51,765<br>1,11,06,000 | 1,11,06,000 | Revenue: 97,58,145<br>Capital: 8,69,560<br>1,06,27,705 | - | 4,78,295 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ACR: 19,23,565<br>GO Pro: 77,435<br>20,01,000 | 20,01,000 | 20,01,000 | - | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,03,56,000 | 1,03,56,000 | Revenue: 1,00,09,014<br>Capital: 3,46,986<br>1,03,56,000 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 28,55,000 | 28,55,000 | 28,55,000 | | 0 |
| സി.എഫ്.സി – ബേസിക് | 9,38,847 | 18,71,185<br>+Int: 76,703<br>19,47,888 | 28,86,735 | Revenue: 13,49,248<br>Capital: 6,15,631<br>19,64,879 | 9,21,856 | - |
| സി.എഫ്.സി –ടൈഡ് | 1,22,273 | 41,23,000<br>+Refund: 6,000<br>41,29,000 | 42,51,273 | Revenue: 23,39,861<br>Capital: 6,38,455<br>29,78,316 | 12,72,957 | |
| റൂറൽ ഹൗസിങ്ങ് 320100160 | 35,75,000 | 9,00,000 | 44,75,000 | 40,80,000 | 3,95,000 | |
| വെസ്റ്റേൺ ഘട്ട് പ്രോഗ്രാം 320100186 | 1,12,075 | 4,528 | 1,16,603 | 0 | 1,16,603 | |

| | | | | | | |
|---|---|---|---|---|---|---|
| നിർമൽ പുരസ്കാരം 320100191 | 1,26,999 | 0 | 1,26,999 | 0 | 1,26,999 | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192 | 0 | 1,00,000 | 1,00,000 | 0 | 1,00,000 | |
| ഐ.സി.ഡി.എസ്. 320100196 | 11,15,363 | 9,40,716 | 20,56,079 | 8,64,558 | 11,91,521 | |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | 10,14,305 | 0 | 10,14,305 | 0 | 10,14,305 | |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 7,23,956 | 2,96,000 +Int: 21,363 3,17,363 | 10,41,319 | Revenue: 19,939 Capital: 6,88,061 7,08,000 | 3,33,319 | |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് സെന്ററേഴ്സ് 320100204 | 3,19,491 | 4,93,000 +Int:9,781 5,02,781 | 8,22,272 | Revenue: 55,997 Capital: 2,54,003 3,10,000 | 5,12,272 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 48,363 | 0 | 48,363 | 0 | 48,363 | |
| അദർ പർപ്പസ് 320200399 | 1,86,649 | 0 | 1,86,649 | 0 | 1,86,649 | |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി (ബഡ്സ്) 320300199 | 12,51,500 | 0 | 12,51,500 | 12,50,000 (Refund To Kudumbashree) | 1,500 | |
| ജോയിന്റ് വെഞ്ചർ – ബ്ലോക്ക് -ക്യാപ്പിറ്റൽ 320700104 | 31,128 | 0 | 31,128 | 0 | 31,128 | |
| ജോയിന്റ് വെഞ്ചർ | 2,968 | 0 | 2,968 | 0 | 2,968 | |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് -റവന്യൂ 320700405 | | | | | | |
| സ്പെസിഫിക് പർപ്പസ്-ക്യാപിറ്റൽ 320800199 | 40,400 | 0 | 40,400 | 0 | 40,400 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 176 | ₹6,56,18,204 | ₹4,43,42,333 | 126 | 45 | 5 | 71.2 |

* ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹18,29,200 അടങ്കലിൽ ഉൾപ്പെടുന്നുണ്ട്.

വികസന ഫണ്ട് (പൊതുവിഭാഗം) ഗ്രാന്റ് ഒഴികെ ബാക്കി ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

| ഗ്രാന്റ് | അലോക്കേഷൻ (₹) | ചെലവ് തുക(₹) | ചെലവ് ശതമാനം | ലാപ്സായ തുക(₹) |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 1,11,06,000 | 1,06,27,705 | 95.69 | 4,78,295 |
| വികസന ഫണ്ട് (എസ്.സി.പി.) | 20,01,000 | 20,01,000 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1,03,56,000 | 1,03,56,000 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 28,55,000 | 28,55,000 | 100 | 0 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9,598 | 9,27,308 | 9,36,906 | 9,36,406** | 500 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 1,09,73,582 | 1,09,73,582 | 1,09,73,582 | - |
| ആകെ | **9,598** | **1,19,00,890** | **1,19,10,488** | **1,19,09,988** | **500** |

** ഈ തുക തൻവർഷത്തെ യഥാർത്ഥ ഭരണചെലവല്ല. തനത് ഫണ്ടിൽ നിന്നും ഭരണ ചെലവുകൾക്കായി മുൻകൂർ ചെലവഴിച്ചതിൽ റീക്കൂപ്പ് ചെയ്ത തുകയാണിത്. ഓഡിറ്റ് വർഷത്തെ അഡ്മിൻ ചെലവ് ₹10,41,986 ആണ് (ലെഡ്ജർ 460500801).

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2,001,200.00 | 120 |
| വിധവാപെൻഷൻ | 6,411,700.00 | 416 |
| വാർദ്ധക്യകാല പെൻഷൻ | 20,104,300.00 | 1337 |
| വികലാംഗപെൻഷൻ | 2,101,700.00 | 128 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 452,200.00 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1,734 ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**റവന്യൂ വരുമാനം - സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല.**

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം വസ്തു നികുതി, വാടക ഇനങ്ങളിൽ 11.78 ലക്ഷം രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. പിരിവുദ്യോഗസ്ഥന്മാരുടെ യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ചു ചേർത്ത് റവന്യൂ കളക്ഷൻ പ്രോഗ്രസ് നിരീക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 22 ഓളം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 തൊഴിൽനികുതി പിരിവ് അപാകതകൾ

1. ആരക്കുഴ ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്റർ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം 27.06.2024 തീയതിയിലെ സ.ഉ(സാധാ)നം.1149/2024/LSGD ലെ പുതുക്കിയ സ്ലാബ് പ്രകാരം തൊഴിൽനികുതി ഈടാക്കിയതിൽ 1,200/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

2. ആരക്കുഴ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി റിട്ടേണുകൾ, IFTE&OS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ IFTE&OS ലൈസൻസ് ലഭിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, ടി സ്ഥാപനങ്ങളിൽ ഒന്നിലധികം പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ.ജെ ഗ്രാനൈറ്റ്സ്, പണ്ടപ്പിള്ളി | 12/2024-25 | 12 |
| 2 | സൂപ്പർ ലയൺ ബിവറേജസ്, പെരിങ്ങഴ | 13/2024-25 | 5 |
| 3 | പണ്ടപ്പിള്ളി ബ്രിക്സ് | 20/2024-25 | 5 |
| 4 | മാരികോൺ പേവേഴ്സ് | 34/2024-25 | 6 |
| 5 | റോയൽ ട്രേഡിംഗ് കമ്പനി | 92/2024-25 | 6 |
| 6 | ലുവല്ല വെഞ്ചേഴ്സ്, പെരിങ്ങഴ | 118/2024-25 | 10 |
| 7 | ഹോട്ട്പ്ലേറ്റ് കാറ്ററേഴ്സ് | 187/2024-25 | 5 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി.22.10.2025) മറുപടി ലഭിച്ചില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. IFTE&OS ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും അതത് വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-11 റവന്യൂ കുടിശ്ശിക- ₹11,77,767/- പിരിച്ചെടുത്തില്ല**

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം നികുതി - നികുതിയേതര ഇനത്തിൽ 11.78 ലക്ഷം രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹) |
|---|---|---|
| 431100101 | വസ്തുനികുതി പാർപ്പിടാവശ്യം (തൻവർഷം) | 19,991.00 |
| 431100102 | വസ്തുനികുതി പാർപ്പിടാവശ്യം (മുൻവർഷം) | 18,832.00 |
| 431100103 | വസ്തുനികുതി പാർപ്പിടേതരം (തൻവർഷം) | 4,47,187.00 |
| 431100104 | വസ്തുനികുതി പാർപ്പിടേതരം (മുൻവർഷം) | 6,04,312.00 |
| 431120102 | തൊഴിൽ നികുതി - സ്ഥാപനങ്ങൾ (മുൻവർഷം) | 2,500.00 |
| 431120105 | തൊഴിൽ നികുതി - ട്രേഡേഴ്സ് (തൻവർഷം) | 25,200.00 |
| 431409901 | അദർ റിസീവബിൾസ് (തൻവർഷം) | 59,745.00 |
| **ആകെ** | | **₹11,77,767.00** |

ഈ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി.17.10.2025) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-12 ഇ-ടെണ്ടർ ഫീ**

സർക്കുലർ നം ഡിബി.1/7942/സിഇ/തസ്വഭവ 17/08/2017 പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഓൺലൈൻ ആയി ഒടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഈസ്റ്റ് മാറാടി ശാഖയിലെ 37835536845-ാം നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീ ഇനത്തിലുള്ള തുക ക്രെഡിറ്റായിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. 31-03-2025 തീയതിയിൽ 58244/-രൂപ ബാലൻസ് ഉള്ളതായി കാണുന്നു. പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള തുക പൂർണ്ണമായും പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/22.10.2025) നൽകിയതിനുള്ള മറുപടിയിൽ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി വിവരം അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

**1-13 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - 15.67 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.**

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരുപ്പ് (₹) |
|---|---:|
| വെസ്റ്റേൺ ഘട്ട് പ്രോഗ്രാം 320100186 | 1,16,603 |
| നിർമൽ പുരസ്കാരം 320100191 | 1,26,999 |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | 10,14,305 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 48,363 |
| അദർ പർപ്പസ് 320200399 | 1,86,649 |
| ജോയിന്റ് വെഞ്ചർ -ബ്ലോക്ക് -ക്യാപ്പിറ്റൽ 320700104 | 31,128 |
| ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് -റവന്യൂ 320700405 | 2,968 |
| സ്പെസിഫിക് പർപ്പസ്-ക്യാപിറ്റൽ 320800199 | 40,400 |
| **ആകെ** | **15,67,415** |

ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകകൾ തൻവർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.10.2025) തുകകൾ ബന്ധപ്പെട്ട

സ്ഥാപനങ്ങൾ ആവശ്യപ്പെട്ടാൽ തിരിച്ചു നൽകാമെന്ന വ്യവസ്ഥയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-14 മുൻവർഷങ്ങളിൽ നിക്ഷേപിച്ച 31.32 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.</u>

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹) |
|---|---|---|
| 460500201 | കേരള വാട്ടർ അതോറിറ്റി | 20,90,673.00 |
| 460500202 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 10,41,114.00 |
| **ആകെ** | | **31,31,787.00** |

ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നും പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ തുക ക്രമീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.10.2025) ടി വേലകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തുകയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുവെന്നും ഈ ഓഫീസുകളുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ള എല്ലാ ധനവിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കി കണക്കുകൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

## <u>1-15 മുൻകൂർ നൽകിയ തുക - ₹2,36,565 ക്രമീകരിച്ചിട്ടില്ല.</u>

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നു.

| കോഡ് | ശീർഷകം | തുക (₹) |
|---|---|---|

| | | |
|---|---|---|
| 460100199 | അദർ അഡ്വാൻസസ് | 72,960.00 |
| 460500103 | അഡ്വാൻസ് പേയ്മെന്റ് ഓഫ് റോയൽറ്റി | 5,600.00 |
| 460500399 | അഡ്വാൻസ് ടു അദർ ഓഥറൈസ്ഡ് ഏജൻസീസ് | 28,005.00 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്ററിങ്ങ് ഓഫീസേഴ്സ് | 130,000.00 |
| **ആകെ** | | **₹2,36,565** |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപ്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/17.10.2025) വിശദമായ റിപ്പോർട്ടും മേൽ തുക ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

## 1-16 കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽകൂട്ടിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ (340100303) പ്രകാരം താഴെ ചേർക്കും പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ₹40,500/- ബാദ്ധ്യത ഉള്ളതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നിക്ഷേപം എന്നിവ തനത് ഫണ്ടിലേക്ക് നാളിതുവരെ മുതൽകൂട്ടിയിട്ടില്ല. നിലവിലും ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിർത്തുന്നതിനുള്ള കാരണം വിശദമാക്കുവാൻ താൽപ്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/17.10.2025) ആയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുതിയ തെരഞ്ഞെടുപ്പ് ഉടനെ നടക്കാനിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ കാലഹരണപ്പെട്ടിട്ടുള്ള ഈ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 സാക്ഷരതാ പ്രേരക് ഓണറേറിയം - മുൻകൂർ നൽകിയത് തിരികെ ലഭിച്ചില്ല-₹9,600 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ | 22400219/21.6.2024 |
| തുക | ₹9,600 |

മേൽ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകിന്റെ 2024 ഏപ്രിൽ മെയ് മാസങ്ങളിലെ ഓണറേറിയത്തിന്റെ 40% സാക്ഷരതാ മിഷൻ വിഹിതം (12000 ന്റെ 40% = 4800 X 2) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയിട്ടുണ്ട്. ഈ തുക 460100199 അദർ അഡ്വാൻസസ് എന്ന ശീർഷകത്തിൽ ക്രമീകരിക്കാനുള്ള ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ നൽകിയ തുക 2025-26 വർഷത്തിൽ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും ലഭിച്ചിട്ടില്ലെങ്കിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടിവിവരവും പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/22.10.2025) ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകിന് മുൻകൂർ നൽകിയിട്ടുള്ള 9600 രൂപ ഉൾപ്പെടെ സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കേണ്ട 38400 രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് മിഷന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഇല്ലാതെയാണ് സാക്ഷരതാമിഷന്റെ തനത് വരുമാനത്തിൽ നിന്നും നൽകേണ്ട വിഹിതം പഞ്ചായത്ത് മുൻകൂറായി തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ മുതൽകൂട്ടുന്നതിന് വിധേയമായി ₹9,600 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ബഡ്സ് സ്കൂൾ ഗ്രാന്റ് - 12.5 ലക്ഷം രൂപ വിനിയോഗിച്ചില്ല.

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ബഡ്സ് സ്കൂൾ ഗ്രാന്റിനത്തിൽ 2017 ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ₹12,50,000 വിനിയോഗിക്കാതെ കുടുംബശ്രീ മിഷനിലേക്ക് തിരികെ നൽകി (വൗച്ചർ നം.22400381 /29.8.2024).

ഈ തുക വിനിയോഗിക്കാതെ റീഫണ്ട് ചെയ്യുവാനുണ്ടായ സാഹചര്യം സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.10.2025) ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല എന്നും ചെലവഴിക്കാത്ത ഈ തുക തിരിച്ചടക്കണമെന്ന് കുടുംബശ്രീ മിഷൻ ആവശ്യപ്പെട്ടുവെന്നും (കത്ത് നം.2617/SD/2023/KSEKM/ 30.03.2023) അതിന്റെ അടിസ്ഥാനത്തിൽ 31.7.2023 ലെ 19(1)-ാം കമ്മിറ്റി തീരുമാനപ്രകാരം തുക തിരിച്ചടച്ചെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യമുള്ളപ്പോൾ ഈ തുക അനുവദിക്കാമെന്ന് കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഡ്സ് സ്കൂൾ പരിചരണം ആവശ്യമുള്ള കുട്ടികൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിൽ, കുടുംബശ്രീ മിഷനിൽ നിന്നും ഈ തുക

അനുവദിപ്പിക്കുന്നതിനും സ്കൂൾ ആരംഭിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ക്ഷേമകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-19 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല – ₹12,75,663 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഓഡിറ്റ് വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി പ്രോജക്ടുകൾ ഏറ്റെടുത്ത് വിവിധ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് വിവരം | | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| | | (₹) | വൗച്ചർ നം. | | |
| വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ (81/25) | 7,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6,30,000 | XVFC/2024-25/ P/48/ 25.3.25 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| | | 70,000 | XVFC/2024-25/ P/53/ 28.3.25 | | |
| തൂമ്പേൽ വെല്ലിയാനിക്കൽ മല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (197/25) | 25,663 (തനത് ഫണ്ട്) | 25,663 | 22400851/ 22.1.25 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കൽ (156/25) | 5,50,000 (വികസന ഫണ്ട്-ജനറൽ) | 5,50,000 | TRN 2412020---019191/ 25.3.25 | പി.ഡബ്ല്യു.ഡി(ഇലക്ട്രോണിക്സ്) | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |

ഈ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കരാർ, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം, അംഗീകൃത മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/21.10.25) താഴെ ചേർക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നതിലെ പ്രവൃത്തികൾ നടന്നു വരുന്നു. തൂമ്പേൽ വെല്ലിയാനിക്കൽ മല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്ന വേലയ്ക്കായി ജനുവരി 22ന് ഡെപ്പോസിറ്റ് ചെയ്തെങ്കിലും 2025 ജൂൺമാസത്തിൽ വേല പൂർത്തിയാക്കിയിട്ടുള്ളത്.

പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിന് 6,71,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രോജക്ടിൽ ലഭ്യമായ 5,50,000 രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. ബാക്കി തുക 1,21,000 രൂപ 2025-26 വർഷത്തിൽ വകയിരുത്തി ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ എല്ലാം ധനവിനിയോഗ സാക്ഷ്യപത്രം പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തികൾക്കായി തുക മുൻകൂർ നിക്ഷേപിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹12,75,663 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 എം.സി.എഫ്.ലേക്ക് ബെയിലിങ്ങ് മെഷീൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല - ₹2,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്ട് | എം.സി.എഫ്.ലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ (226/25) | |
| അടങ്കൽ | ₹2,50,000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് വിവരം | ₹2,25,000 | വൗച്ചർ നം. XVFC/2024-25/P/57/ 29.03.2025 |
| | ₹25,000 | വൗച്ചർ നം. XVFC/2024-25/P/60/ 31.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | |

ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ്.ലേക്ക് ബെയിലിങ്ങ് മെഷീൻ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമായ Liger India Projects & Consultancy LLP എന്ന സ്റ്റാർട്ട് അപ്പിന്റെ ഇൻവോയ്സിന്റെ (നം. 8/25.3.25 : ₹5,74,950) അടിസ്ഥാനത്തിൽ മേൽ വിവരിച്ച പ്രകാരം 2,50,000 രൂപയിൽ ലിമിറ്റ് ചെയ്ത് തുക അനുവദിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ (നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വേണ്ടതായ പരിശീലനവും ഉപദേശങ്ങളും ടി സ്ഥാപനം നൽകുമെന്നും യൂണിറ്റ് സ്ഥാപിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റും ബില്ലും നൽകുന്ന മുറയ്ക്ക് 15 ദിവസത്തിനകം തുക പഞ്ചായത്ത് നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ബെയിലിങ്ങ് മെഷീൻ സ്ഥാപിച്ച് ബിൽ സഹിതം പൂർത്തീകരണ സർട്ടിഫിക്കറ്റ് കരാർ സ്ഥാപനം നൽകിയിട്ടില്ല. എം.സി.എഫ്. ന്റെ പ്രവർത്തനത്തിൽ ഈ ബെയിലിങ്ങ് മെഷീൻ സ്ഥാപിച്ച് നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്നും ഇല്ലായെങ്കിൽ ആയതിന്റെ കാരണവും പ്രോജക്ട് നിർവ്വഹണം സംബന്ധിച്ചുള്ള അംഗീകൃത മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടും ലഭ്യമാക്കുന്നതിന് താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21.10.2025) മെഷീൻ സപ്ലൈ ചെയ്തിട്ടുണ്ടെന്നും ഇൻസ്റ്റലേഷനുവേണ്ടി പരിശോധിച്ചപ്പോഴാണ് കെട്ടിടത്തിൽ 3ഫേസ് കണക്ഷൻ ഇല്ല എന്ന വിവരം മനസ്സിലാക്കുന്നതെന്നും 3ഫേസ് കണക്ഷൻ എടുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ

പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി ₹2,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ബെയിലിങ്ങ് മെഷീൻ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹1,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ (47/25) | |
| അടങ്കൽ | ₹1,50,000 (വികസന ഫണ്ട് - ജനറൽ) | |
| ചെലവ് വിവരം | ₹1,50,000 | 24120200000001584 / 12.02.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | |

മേൽ പ്രോജക്ട് പ്രകാരം സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) 1209/2013/ ത.സ്വ.ഭ.വ./ 06.05.2013 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മിഷന് നൽകുന്ന വിഹിതത്തിന് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ വിഹിതത്തിന് സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടി വിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21.10.2025) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹1,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി-അപാകതകൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ (SO132/25) | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ (7/25) |
|---|---|---|
| അടങ്കൽ | 500000/- (വികസനഫണ്ട്-ജനറൽ) | 952000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 375000/- | 558750/- |
| വൗച്ചർ നമ്പർ | RBI492490851617/16.5.24 | 217500/- RBI0722599604711/12.03.2025<br>341250/- RBI0722599619347/12.03.2025 |

വനിതാ സ്വയം തൊഴിൽ സംരംഭക യൂണിറ്റിന് ബാങ്ക് ലോണിന്റെ അടിസ്ഥാനത്തിൽ ബാക്ക് എൻഡഡ് സബ്സിഡിയായി 75 ശതമാനം തുക ധനസഹായമായി നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.
ടി പദ്ധതി മുഖേന താഴെപറയുന്ന പ്രകാരം സംരംഭക ഗ്രൂപ്പുകൾക്ക് യൂണിയൻ ബാങ്ക്, ആരക്കുഴ ബ്രാഞ്ച് നൽകിയ ലോണിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | ഗുണഭോക്താക്കളുടെ പേര് (സ്ഥാപനം) | ആകെ ബാങ്ക് ലോൺ (₹) | സബ്സിഡി (₹) |
|---|---|---|---|
| 132/25 | ലിബിയ ബിബിൻസ് അമ്പിളി വിജയൻ (ഗ്രാമമിത്ര വാഷിംഗ് പൗഡർ) | 570000 | 375000 |
| 7/25 | ക്രിസ്റ്റി ജോസ്, റീന ജോസ് (ജേഷുസ് മഷ്റൂംസ് ) | 290000 | 217500 |
| 7/25 | ഉഷാകുമാരി .വി .ജി., സുധ ബാലകൃഷ്ണൻ (ഡാസിൽസ് ഫുട് വെയർ) | 455000 | 341250 |

1) പ്രൊജക്റ്റ് നമ്പർ 7/25 ലെ ഗുണഭോക്താക്കൾ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഒപ്പു വെച്ചതായി കാണുന്നില്ല.

2) നിലവിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ലോൺ കൃത്യമായി തിരിച്ചടക്കുന്നുണ്ടോ എന്നിവ സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ് നടക്കുന്നതായി കാണുന്നില്ല.

3) കൃത്യമായ ഇടവേളകളിൽ ലോൺ തിരിച്ചടവ് സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ഹാജരാക്കുന്നതായോ പരിശോധിക്കുന്നതായോ കാണുന്നില്ല.

4) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുന്ന പക്ഷം ബാങ്ക് ലോൺ തിരിച്ചടവ് രേഖകൾ പരിശോധിച്ച് കരാറിലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആയതിന് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/23.10.2025) നൽകിയ മറുപടിയിൽ കരാറിൽ ഗുണഭോക്താക്കളെകൊണ്ട് ഒപ്പ് വച്ചിട്ടുണ്ടെന്നും നിലവിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വായ്പ കൃത്യമായി അടയ്ക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-23 അങ്കണവാടികൾക്ക് ഉയർന്ന താരിഫ് പ്രകാരമുള്ള വൈദ്യുതിചാർജ് ഈടാക്കുന്നു

| | |
|---|---|
| പ്രോജെക്ട് | അങ്കണവാടി കണ്ടിൻജൻസി ചെലവുകൾ (109/25) |
| അടങ്കൽ | 91000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |
| ചെലവ് | 91000/- |
| തുക(₹) (വൗച്ചർ നമ്പർ/ തീയതി) | 20506/-(47/27.07.2024)<br>36643/-(82/28.09.2024)<br>27851/-(246/20.02.2025)<br>6000/-(357/22.03.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

കെ.എസ്.ഇ.ബിയുടെ 05.12.2024 മുതൽ നിലവിൽ വന്ന താരിഫ് പ്രകാരം (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 5.12.2024 ലെ 427/D (T)/2023 KSERC നമ്പർ ഉത്തരവ് ) അങ്കണവാടികൾക്ക് ബാധകമായിട്ടുള്ള താരിഫ് LT-6D ആണ്.

ടി പ്രോജക്ടിന്റെ ഭാഗമായി അങ്കണവാടികളുടെ വൈദ്യുതി ചാർജ് അടവാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അങ്കണവാടികൾക്ക് ഉയർന്ന താരിഫ് പ്രകാരമുള്ള വൈദ്യുതിചാർജ് ആണ് ഈടാക്കുന്നതെന്ന് കാണുന്നു.

| അങ്കണവാടി നമ്പർ | കൺസ്യൂമർ നമ്പർ | താരിഫ് |
|---|---|---|
| 10 | 1155916026089 | LT -7A |
| 9 | 1155916014281 | LT -6A |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/22.10.2025) 23.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി ടി അങ്കണവാടികളുടെ താരിഫ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനം (30.9.2024 ലെ 9-ാം നമ്പർ തീരുമാനം) എടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ആയതു പ്രകാരം പ്രസ്തുത അങ്കണവാടികളുടെ താരിഫ് മാറ്റുന്നതിനും കൂടുതൽ അടവാക്കിയ തുക ഭാവിയിലെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തു കിട്ടുന്നതിനുമായി കെ.എസ്.ഇ.ബിയിലേക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വൈദ്യുതി താരിഫ് മാറ്റിയതിന് ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 തുമ്പേൽ കുഴിങ്ങരമല റോഡ് നവീകരണം അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 26/24(SO)<br>തുമ്പേൽ കുഴിങ്ങരമല റോഡ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | മോൻസി അബ്രഹാം |
| ഇ.എം.ബുക്ക് നം | 39581/24 |
| അടങ്കൽ | ₹837000/-(മെയിന്റനൻസ് ഫണ്ട് - റോഡ്) |
| ചെലവ്:<br>ബിൽ നം/തീയതി | ₹413059/- (222/05.07.2024) |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ തുമ്പേൽ കുഴിങ്ങരമല റോഡ് നവീകരണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം ആവശ്യമായ തുക വകയിരുത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറിഷ് ഡ്രെയിൻ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

2. പൂർത്തീകരണ കാലാവധി 17.02.2024 മുതൽ ആറുമാസമെന്നിരിക്കെ നാളിതുവരെ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ പണികളും പൂർത്തീകരിച്ചതായോ പൂർത്തീകരണ കാലാവധി നീട്ടി നൽകിയതായോ, കാലതാമസത്തിനുള്ള ഫൈൻ ഈടാക്കിയതായോ കാണുന്നില്ല.

3. പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് കരാറുകാരൻ സമർപ്പിക്കേണ്ടിയിരുന്നെങ്കിലും ആയതു ഹാജരാക്കുകയോ ബാധകമായ ഫൈൻ ഈടാക്കുയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 14/22.10.2025 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടിനൽകിയതിന്റെ വിവരങ്ങളോ, ഇൻഷ്വറൻസ് കവറേജ് രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നിയമാനുസൃതമുള്ള ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി ജിഎസ്റ്റി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല

2017 ലെ സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. നിയമം, വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക ജി.എസ്.ടി. ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത താഴെചേർക്കുന്ന പ്രവൃത്തിയ്ക്ക് സാധനങ്ങളുടെ വില അനുവദിച്ചപ്പോൾ കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വില | ഈടാക്കേണ്ട ജി.എസ്.ടി. | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | ലൈബ്രറി പൂവത്തിങ്കൽത്താഴം റോഡ് ടൈലിംഗ് | സാബു ആർ | 3,95,908 | 7,918 | ML/878/26-03-2025 |

മേൽ വിവരിച്ചിട്ടുള്ള അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.18/22.10.2025 നൽകിയതിനുള്ള മറുപടിയിൽ ആയത് ഈടാക്കി വിവരം അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്.

## 1-26 എ.ഇ ഓഫീസ് നവീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 17/24(SO)<br>എ.ഇ ഓഫീസ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വിപിൻ |
| ഇ.എം.ബുക്ക് നം | 69035/24 |
| അടങ്കൽ | 200000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ്<br>ബിൽ നം/തീയതി | 113071/-<br>245/21.08.2024 |

14-ാം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം.84/2022 ത.സ്വ.ഭ.വ തീയതി 19.04.2022) ഖണ്ഡിക 6.8(8) പ്രകാരം തനത് ആസ്തികളുടെ നിർമ്മാണത്തിനും, സംരക്ഷണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ എ.ഇ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് വകയിരുത്തിയ ഫണ്ട് ഇനം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ആണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.19/23.10.2025 നൽകിയതിനുള്ള മറുപടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകോപനത്തിന് മുൻപാണ് പദ്ധതി രൂപീകരിച്ചതെന്നും ഭാവിയിൽ ഇത്തരത്തിലുള്ള അപാകത ഉണ്ടാകാതെ ശ്രദ്ധിക്കാമെന്നുമറിയിച്ചിട്ടുണ്ട്.

## 1-27 ജൽജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ

എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**ജൽജീവൻ മിഷനും - ആരക്കുഴ ഗ്രാമ പഞ്ചായത്തും ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" തയ്യാറാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ആയതിനാൽ ആയത് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല.

**നിർവ്വഹണ സഹായ ഏജൻസി.**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ആരക്കുഴ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ സഹായ ഏജൻസിയായി നിയോഗിക്കപ്പെട്ടത് ഏത് സ്ഥാപനമാണെന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

**സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം.**

സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

**കുടിവെള്ള കണക്ഷൻ ലഭ്യമായതിന്റെ വിവരം.**

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷന്റെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ ലഭിച്ചു എന്നത് സംബന്ധിച്ചുള്ള രേഖകൾ ഒന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

## 1-28 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗ്ഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് ആരക്കുഴ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററുകൾ | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | *₹2,68,959* | *₹7,08,000+* *Int: ₹1,20,777* ***₹8,28,777*** | *₹2,96,000* *+Int: 21,363* ***₹3,17,363*** |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്ററുകൾ, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററുകൾ ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *₹1,36,923* | *₹3,10,000+* *Int: ₹6,432* ***₹3,16,432*** | *₹4,93,000* *+Int: 9,781* ***₹5,02,781*** |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

## 2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററുകൾ | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | - | - | *₹2,65,779* | *₹7,08,000* |

| | | | | | |
|---|---|---|---|---|---|
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | *₹1,33,864* | *₹3,10,000* |

## ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| **സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.** | | | | |
|---|---|---|---|---|
| പ്രോജക്റ്റ് | ചെലവ് | | | |
| | 2021-22 | 2022-23 | 2023-24 | 2024-25 |
| ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | - | - | *₹2,65,779* | *₹7,08,000* |
| **കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.** | | | | |
| ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ | - | - | *₹1,33,864* | *₹3,10,000* |

## 3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരക്കുഴ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

## 4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. (320100202) Union Bank Of India A/C No.403202010010610 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) Union Bank Of India A/C No.403202010010611 |
|---|---|---|
| മുന്നിരുപ്പ് | ₹7,23,956 | ₹3,19,491 |

| | | |
|---|---|---|
| വരവ് (പലിശ ഉൾപ്പെടെ) | ₹3,17,363 | ₹5,02,781 |
| ആകെ | ₹10,41,319 | ₹8,22,272 |
| ചെലവ് | ₹7,08,000 | ₹3,10,000 |
| നീക്കിയിരുപ്പ് | ₹3,33,319 | ₹5,12,272 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽനികുതി കുറവായി ഈടാക്കി- ₹1,200/- വരവ് നഷ്ടം

ആരക്കുഴ ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്റർ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം 27.06.2024 തീയതിയിലെ സ.ഉ(സാധാ)നം.1149/2024/LSGD ലെ പുതുക്കിയ സ്ലാബ് പ്രകാരം തൊഴിൽനികുതി ഈടാക്കിയതിൽ ₹1,200/- കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഹോട്ടൽ മരിയ പാർക്ക് | ബീബു വിജയൻ | 74,700 | 750 | 600 | 150 |
| 2 | ഹോട്ടൽ മരിയ പാർക്ക് | ഡിബിൻ സി.ഡി | 74,700 | 750 | 600 | 150 |
| 3 | ഹോട്ടൽ മരിയ പാർക്ക് | അജി ഇ.എസ് | 74,700 | 750 | 600 | 150 |
| 4 | ഹോട്ടൽ മരിയ പാർക്ക് | ആർ. രമേഷ് കുമാർ | 74,700 | 750 | 600 | 150 |
| 5 | ഹോട്ടൽ മരിയ പാർക്ക് | സുജിത് സുധാകരൻ | 74,700 | 750 | 600 | 150 |
| 6 | ഹോട്ടൽ മരിയ പാർക്ക് | എബിൻ ജോസ് | 74,700 | 750 | 600 | 150 |
| 7 | ഹോട്ടൽ മരിയ പാർക്ക് | സജി മാത്യു | 74,700 | 750 | 600 | 150 |
| 8 | ഹോട്ടൽ മരിയ പാർക്ക് | ഷിജി ടി.കെ | 74,700 | 750 | 600 | 150 |

| | |
|---|---|
| ആകെ | 1,200 /- |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി.22.10.2025) മറുപടി ലഭിച്ചില്ല. മേൽ പ്രകാരം കുറവ് വന്ന തുക സ്ഥാപന ഉടമയിൽ നിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 11 | ₹66,500* | ₹61,000 | ₹5,500 | ഈ തുക ഏപ്രിൽ 2025 ൽ അടവാക്കിയിട്ടുണ്ട്. |

* 11 ജീവനക്കാർ X ₹500 X 9 മാസം = ₹49,500

10 ജീവനക്കാർ X ₹500 X 2മാസം = ₹10,000

12 ജീവനക്കാർ X ₹500 X 1മാസം = ₹ 6,000

<u>ഒരു ജീവനക്കാരന്റെ 2 മാസത്തെ കുടിശ്ശിക = ₹1,000</u>

ആകെ:₹66,500

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 06/2024 | ₹5,000 | ₹4,500 | ₹500 | ഈ തുക ഏപ്രിൽ 2025 ൽ അടവാക്കിയിട്ടുണ്ട്. |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | ഒടുക്കിയ തുക | | |
| ഗ്രാമപഞ്ചായത്തിൽ 01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | | | | |
| 2024-25 | ₹24,800.00 | നെൽക്കൃഷി വികസനം (67/25) | ₹24,800.00 | ₹0.00 |
| 2024-25 | ₹3,48,435.00 | ലൈഫ് ഭവനപദ്ധതി എസ്.സി. (5/25) | ₹3,48,435.00 | ₹0.00 |
| 2024-25 | ₹9,00,000.00 | ലൈഫ് ഭവനപദ്ധതി ജനറൽ (4/25) | ₹9,00,000.00 | ₹0.00 |
| 2024-25 | ₹1,89,930.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (108/25) | ₹1,89,930.00 | ₹0.00 |
| 2024-25 | ₹2,45,000.00 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (128/25) | ₹2,45,000.00 | ₹0.00 |
| 2024-25 | ₹4,00,000.00 | പാലിന് ഇൻസെന്റീവ് (20/25) | ₹4,00,000.00 | ₹0.00 |
| 2024-25 | ₹1,60,000.00 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (98/25) | ₹1,60,000.00 | ₹0.00 |
| ആകെ | **₹22,68,165.00** | | **₹22,68,165.00** | **₹0.00** |
| **ജില്ലാ പഞ്ചായത്ത്** | | | | |

| | | | | |
|---|---|---|---|---|
| 2024-25 | ₹54,250.00 | നെൽക്കൃഷി വികസനം (67/25) | ₹54,250.00 | ₹0.00 |
| 2024-25 | ₹2,40,000.00 | ലൈഫ്- ഭവനരഹിതർക്ക് ഭവനം എസ്.സി. (133/25) | ₹2,40,000.00 | ₹0.00 |
| 2024-25 | ₹4,86,315.00 | ലൈഫ് ഭവനപദ്ധതി എസ്.സി. (5/25) | ₹4,86,315.00 | ₹0.00 |
| 2024-25 | ₹8,00,000.00 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (215/25) | ₹8,00,000.00 | ₹0.00 |
| 2024-25 | ₹63,310.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (108/25) | ₹63,310.00 | ₹0.00 |
| 2024-25 | ₹32,000.00 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം (130/25) | ₹32,000.00 | ₹0.00 |
| 2024-25 | ₹3,00,000.00 | പാലിന് ഇൻസെന്റീവ് (20/25) | ₹3,00,000.00 | ₹0.00 |
| 2024-25 | ₹1,50,000.00 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (98/25) | ₹1,50,000.00 | ₹0.00 |
| **ആകെ** | **₹21,25,875.00** | | **₹21,25,875.00** | **₹0.00** |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| തുമ്പേൽ വെല്ലിയാനിക്കൽ മല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (197/25) | 22400851/ 22.01.2025 | ₹25,663 | 0 | ₹25,663 |

കേരള വാട്ടർ അതോറിറ്റി.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ (81/25) | XVFC/2024-25/P/48/ 25.3.25 | ₹6,30,000 | - | ₹6,30,000 |
| | XVFC/2024-25/P/53/ 25.03.2025 | ₹70,000 | - | ₹70,000 |
| | ആകെ | ₹7,00,000 | | ₹7,00,000 |

<u>പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രോണിക്സ്)</u>

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കൽ (156/25) | TRN 241202000000019191/ 25.03.2025 | ₹5,50,000 | - | ₹5,50,000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) | തൻവർഷം ലഭിച്ച തുക (₹) | ആകെ (₹) | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ | |
| 330500201 KURDFC | 39,85,551 | 8,69,200 | 48,54,751 | 11,72,200 | - | 36,82,551 |

| | | | | | | |
|---|---|---|---|---|---|---|
| 330500202 HUDCO | 17,60,000 | 58,58,888 | 76,18,888 | - | - | 76,18,888 |
| ആകെ | 57,45,551 | 67,28,088 | 1,24,73,639 | 11,72,200 | - | 1,13,01,439 |

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക (₹) |
| നമ്പർ | പേര് | |
| 228/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | 5,49,882 |
| 230/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | 5,44,883 |
| 229/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | 36,097 |
| 231/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | 41,338 |
| **ആകെ** | | **11,72,200** |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽ ലേലം ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി ₹39700/- പഞ്ചായത്തിനു നഷ്ടം | നിയമസഭാ സമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 2006-08-18-ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ – അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട് - റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി – ക്രമക്കേടുകൾ | സർച്ചാർജ് നടപടി ജില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി – ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി – ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം-അധികച്ചെലവ് | |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹3,67,27,772.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹3,20,16,402.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹1,200 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **16,85,263** |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (₹) | സർചാർജ് ചെയ്യാവുന്നവ (₹) | |
| 1-10 & 2-1 | 1,200 | - | ശ്രീ.മനോജ് വി.ആർ., ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |
| **ആകെ** | **1,200** | **-** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 9,600 | ശ്രീ.നവാസ് എസ്., ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-19 | 12,75,663 | ശ്രീ. മനോജ് വി.ആർ., ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-20 | 2,50,000 | ശ്രീമതി ലേഖ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 1,50,000 | ശ്രീ. മനോജ് വി.ആർ., ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| **ആകെ** | **16,85,263** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. മനോജ് വി.ആർ. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ആരക്കുഴ ഗ്രാമപഞ്ചായത്ത് | വിമലാലയം, തിരുമാറാടി പി.ഒ., എറണാകുളം-686662 |
| ശ്രീ. നവാസ് എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് | കൊച്ചുപറമ്പിൽ, പെരിങ്ങാല,കായംകുളം 690559 |
| ശ്രീമതി ലേഖ എസ്., അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, കാട്ടാക്കട ഗ്രാമപഞ്ചായത്ത് | പല്ലിവിള വീട്, ചെറുക്കാരം, പുല്ലായിൽ പി.ഒ. കിളിമാനൂർ, തിരുവനന്തപുരം 695601 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 2001-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 2003-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 2004-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 2005-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 2006-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 2007-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 2008-09 | എൽ എഫ് ഇ പി 5 -590/2010/22-10-2011 |
| 2009-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 2012-13, 2013-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |

| | |
|---|---|
| 2014-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 2015-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 2016-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 2017-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 2018-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2019 |
| 2019-20 | കെഎസ്എഇകെഎം(പി8)1290/2021/20/09/2021 |
| 2020-21 | കെഎസ്എഇകെഎം(പി8) 1291/21/തീയതി. 9/2/2022 |
| 2021-22 | കെഎസ്എഇകെഎം(പി8) 255/22/തീയതി. 14/04/2023 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി.8)1331/2023/ 19.10.2023 |
| 2023-24 | കെ.എസ്.എ.-ഇ.കെ.എം.(പി.8) 1785/2024 /27.12.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-06-2025 and submitted on 03-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Arakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Arakkuzha Grama Panchayat as on 31-03-2025

**Date: 01/12/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Arakkuzha Grama Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Cash Flow statement Net increase / decrease in cash flow doesnot match with difference between opening balance and closing balance.

3. Asset details not furnished for the Capital Expenditure from Maintenance grant Road and Non road.

4.Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. A difference of Rs.52110 is seen between the CFC Grant expenditure in AFS and Sulekha expenditure statement.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്